പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 884 — 1/3/2017 ൽ മറുപടിക്ക്

## കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |
| എ) 50% സബ് സിഡി നൽകി സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി അനുസരിച്ച് മലപ്പുറം ജില്ലയിൽ 2016 ജനവരി മുതൽ രജിസ്റ്റർ ചെയ്തവർ എത്രയെന്നും ഇതിൽ എത്ര പേർക്ക് ഇൻഷ്വറൻസ് ലഭിച്ചുവെന്നും വ്യക്തമാക്കാമോ; | എ) സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെടുന്ന സങ്കര ഇനത്തിലുള്ള കന്നുകാലികൾക്ക് ഇൻഷുറൻസ് പരിരക്ഷ നല്കുന്നത് സംബന്ധിച്ച നടപടികൾ അന്തിമഘട്ടത്തിലാണ്. നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ജില്ലകളിലെ തിരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. |
| ബി) കോട്ടക്കൽ മണ്ഡലത്തിൽ നിന്നും 2016 ജനവരി മുതൽ ഈ പദ്ധതിക്കായി എത്ര പേർ വകുപ്പിനെ സമീപിച്ചുവെന്നും അതിൽ എത്ര പേർ രജിസ്റ്റർ ചെയ്തുവെന്നും വ്യക്തമാക്കാമോ; | ബി) & സി) പദ്ധതി നിർവഹണം ആരംഭിച്ചിട്ടില്ല. |
| സി) കോട്ടക്കൽ മണ്ഡലത്തിൽ നിന്നും ഇൻഷ്വറൻസ് ലഭിക്കുവാൻ അപേക്ഷ നൽകിയവർ എത്രയാണെന്നും എത്ര പേർക്ക് ഇൻഷ്വറൻസ് ലഭിച്ചുവെന്നതും സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ